അക്രമികളെ എവിടെയെന്നല്ലാ മറിച്ച് സി. കെ. കുമാരന്റെ മകനേയും സഹോദരിയെയും സ്റ്റേഷനിൽ വരാൻ പറയുകയാണ് ചെയ്യുന്നത്. കാരണം അവർ ആർ. എസ്സ്. എസ്സുക്കാരെ തുറിച്ചു നോക്കുന്നു പോലും: അക്രമത്തിന് വിധേയരായ ആളുകൾക്കും, അവരുടെ വീട്ടുക്കാർക്കും അവിടെ കിടന്നു കൂടാ. എന്നാൽ ആർ. എസ്സ്. എസ്സ് കാർ യഥേഷ്ടം വിഹരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുമ്പോഴെ പറയും, അക്രമികളെ കസ്റ്റഡിയിലെടുത്തു എന്ന്. മിനിഞ്ഞാന്ന് അവിടെ ഒരു സംഭവം നടന്നു. നിയമസഭ കൂടുന്നുവെന്നുള്ളതുകൊണ്ടോ ഇവിടെ ഉന്നയിക്കുമെന്നുള്ളതുകൊണ്ടോ എന്താണെന്നറിയില്ല, അഞ്ച് ആക്രമികളെയും രാത്രി പെട്ടെന്ന് പോലീസിന് പിടികിട്ടി. അതിന്റെ അർത്ഥം പോലീസിന്റെ സംരക്ഷണയിലാണ് ഇവർ അവിടെതാമസിച്ചിട്ടുള്ളതെന്നാണ്. എത്ര പരിഹാസ്യമാണ്? മനുഷ്യനു ഇറങ്ങി നടന്നു കൂടാ. ക്രമസമാധാനം ആകെ തകർന്നിരിക്കുകയാണ്. കുന്നംകുളം സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽമുഖ്യമന്ത്രി ഗുരുവായൂരിലേക്ക് പോകുമ്പോൾ എസ്കോർട്ടിനല്ലാതെവേറെ ഒരു പണിക്കും ആ പോലീസിനെ പറ്റുകയില്ല. ഇവിടെ ആർ. എസ്സ്. എസ്സ്. എസ്സിന്റെ കുറിവരച്ച ആളുകളെ അവിടെകൊണ്ടു നിരത്തിയിരിക്കുകയാണ്. ഈ സാഹചര്യം തുടരുന്നപക്ഷം. ജനങ്ങളുടെ ജീവനും സ്വത്തും സംരക്ഷിക്കാൻ സ്വയം ആയുധമെടുത്ത് സംഘടിക്കേണ്ടിവരും. ആഭ്യന്തരമന്ത്രി, ഇത് ശ്രദ്ധിക്കണം അല്ലെങ്കിൽ, അവിടെ നിന്ന് ഒഴിഞ്ഞു മാറിനിന്നുകൊണ്ട് ഈ ചുമതല വേറെ ആരെയെങ്കിലും ഏൽപ്പിക്കണം.

ആഭ്യന്തര വകുപ്പുമന്ത്രി (ശ്രീ. വയലാർ രവി) : സർ, ശ്രീ. അരവിന്ദാക്ഷൻ പറഞ്ഞത് ശരിയാണ്. കമ്മ്യൂണിസ്റ്റു പാർട്ടിയുടെ ജില്ലാ സെക്രട്ടറിയും കർഷകതൊഴിലാളി യൂണിയന്റെ ജില്ലാ പ്രസിഡന്റുമായ സഖാവ് സി. കെ. കുമാരനു നേരെ ആക്രമണം ഉണ്ടായി. ആക്രമണം നടത്തിയ ആർ. എസ്സ്. എസ്സ്. എസ്സിന്റെ 17 ആളുകളുടെ പേരിൽ കേസ്സെടുത്തിട്ടുണ്ട് യാതൊരു പ്രകോപനവുമില്ലാതെ വീട്ടിലേക്കു പോകുംപോഴാണ് ആക്രമണം നടന്നതെന്നാണ് എനിക്കു കിട്ടിയിട്ടുള്ള റിപ്പോർട്ട്. അതിൽ അഞ്ചു പേരെ കസ്റ്റഡിയിൽ എടുത്തിട്ടുണ്ട്. ബാക്കിയുള്ള ആളുകളെ പിടിക്കാൽ നടപടി സ്വീകരിക്കുന്നതോടൊപ്പം തന്നെ ഈ സംഘട്ടനം വ്യാപകമാകാതിരിക്കാനുള്ള കരുതൽ നടപടികളും സ്വീകരിച്ചിട്ടുമുണ്ട്. അക്രമികളെ പിടിക്കാനുള്ള എല്ലാ നടപടികളും ഊർജ്ജിതപ്പെടുത്താൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്.

(5) പിറവം നിയോജക മണ്ഡലത്തിലെ ഗവൺമെന്റ് ഹോസ്പിറ്റലുകളുടെ ശോചനീയാവസ്ഥ

ശ്രീ. ബെന്നിബഹനാൻ : സർ, എന്റെ നിയോജക മണ്ഡലത്തിൽപ്പെട്ട ഗവൺമെന്റാശുപത്രിയുടെ ശോചനീയാവസ്ഥ ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. എന്റെ നിയോജകമണ്ഡലത്തിൽ രണ്ട് ഗവൺമെന്റാശുപത്രികളും, 3 പ്രൈമറി ഹെൽത്തുസെന്ററുകളും 4 ഗവൺമെന്റ് ഡിസ്പെൻസറികളുമാണ് അലോപ്പതി രംഗത്തുള്ളത്. ഈ ആശുപത്രികളുടെ സ്ഥിതി വളരെ ശോചനീയമാണ്. പല ആശുപത്രികളിലും വാർഡുകളുണ്ട് പക്ഷേ ഡോക്ടർമാരില്ല. ചിലയിടത്ത് ഡോക്ടർമാരുണ്ട്, അവിടെ വാർഡുകളില്ല. കീച്ചേരി, പ്രൈമറി ഹെൽത്തുസെന്ററിൽ ജലം കിട്ടിക്കൊണ്ടിരുന്നത് ഒരു കിണറിൽ നിന്നാണ്. ആ കിണറ് കഴിഞ്ഞ അഞ്ചാറ് മാസം മുൻപ് ഇടിഞ്ഞു നിരന്നുപോയതുകൊണ്ട് ഒരുതുള്ളി

LIBRARY ARCHIVES Kerala Legislative Assembly

വെള്ളംപോലും അവിടെ കിട്ടാനില്ല. സർ, ഇൻജക്ഷൻ കൊടുക്കുന്നതിനുള്ള സിറിഞ്ച് കഴുകാനുള്ള ജലംപോലും അവിടെ കിട്ടുന്നില്ല. അതുകൊണ്ട് ആ ആശുപത്രി പൂട്ടിയിരിക്കുകയാണ്. രാമമംഗലത്ത് ഒരു പ്രൈമറി ഹെൽത്തുസെൻററിൽ.....

ശ്രീമതി കെ. ആർ. ഗൗരി : സർ, വെള്ളമില്ല എന്നുള്ളത് പത്താളുകളെങ്കിലും ഇപ്പോഴേ പറഞ്ഞിരിക്കുന്നു. ജലസേചന മന്ത്രി രാജിവച്ചതുകൊണ്ട് ഇങ്ങനെ പറയിപ്പിക്കണമെന്നുണ്ടോ ?

ശ്രീ. ബെന്നി ബഹനാൻ : സർ, രാമമംഗലത്ത് പ്രൈമറി ഹെൽത്തു സെൻററിലുള്ള രണ്ടു ഡോക്ടർമാരെപ്പററിയുള്ള പരാതി കഴിഞ്ഞ പ്രാവശ്യം ഈ സഭ കൂടിയപ്പോഴേ ഞാൻ ഒരു സബ്മിഷൻ മുഖേന ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. അവരുടെ പേരിൽ ഒരു നടപടിയും ഇതുവരെ സ്വീകരിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ ഈ ആശുപത്രികളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനുവേണ്ടി ഗവൺമെൻറ് അടിയന്തിരമായി നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : അവിടെ സ്ട്രെങ്ത് അനുസരിച്ചുള്ള സ്റാഫിനെയും ഡോക്ടർമാരെയും നിയമിച്ചിട്ടുണ്ട്. മരുന്നു വിതരണം സാധാരണപോലെതന്നെ നടത്തുന്നുണ്ട്. പോരാതെ വരുന്ന കാര്യങ്ങളേ എന്താണെന്ന് പരിശോധിക്കാം. മതിൽ പൊളിഞ്ഞുപോയത് കെട്ടാനുള്ള നടപടിയൊന്നുമായിട്ടില്ല. അടുത്ത സാമ്പത്തിക വർഷത്തിലേ അതിനുള്ള പണം അനുവദിക്കാൻ സാധിക്കുകയുള്ളു. കടവന്തറ ബ്ളോക്കിൻെറ പണി ഏതാണ്ട് പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. എല്ലാ കാര്യങ്ങളും വേഗത്തിൽ നടത്തുന്നതിനുള്ള നിർദ്ദേശം കൊടുക്കാം.

(6) ഇരിങ്ങാലക്കുടയിലെ വരൾച്ചയും കൃഷിനാശവും

ശ്രീ. ലോനപ്പൻ നമ്പാടൻ : സർ, ഇരിങ്ങാലക്കുട നിയോജക മണ്ഡലത്തിൽ മൂരിയാട്, ചെമ്മണ്ട കായലുകളിൽ 5,000 ഏക്കർ ഒരിപ്പു പുഞ്ച കൃഷി വെള്ളം ലഭിക്കാതെ ഉണങ്ങിവരണ്ട് നശിച്ചുകൊണ്ടിരിക്കുകയാണ്.

ഇവിടെ കുടിവെള്ളംപോലും കിട്ടാതെ ജനങ്ങൾ കഷ്ടപ്പെടുകയാണ്. വരൾച്ച രൂക്ഷമായിരിക്കുന്നു. വെള്ളക്കരം കൊടുത്ത് കൃഷിക്കാർ നശിച്ചു. ഉപയോഗിക്കാത്ത വെള്ളത്തിനും ജപ്തി നടപടികളാണ്. പീച്ചിയിൽനിന്നും പെരിങ്ങൽകുത്തിൽ നിന്നും അടിയന്തിരമായി വെള്ളംവിട്ട് കൃഷിക്കാരെ രക്ഷിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

11 a.m.]

കൃഷി വകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്) : സർ. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചതുപോലെ ഇരിങ്ങാലക്കുട പ്രദേശത്ത് അയ്യായിരം ഏക്കർ സ്ഥലത്ത് വെള്ളം കിട്ടാത്തതുകൊണ്ട് കൃഷി കുറെയൊക്കെ നശിച്ചിട്ടുണ്ട്. അവിടെ ഉടനെതന്നെ വെള്ളം എത്തിക്കാൻവേണ്ട ഏർപ്പാടുകൾ ചെയ്തുതരാം.

LIBRARY ARCHIVES Kerala Legislative Assembly